പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2779 27.01.2014 -ൽ മറുപടിക്ക്.

# ന്യൂസ്പേപ്പർ ഏജൻറുമാർക്കും വിതരണക്കാർക്കും ക്ഷേമനിധിയും പെൻഷനും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ന്യൂസ്പേപ്പർ ഏജൻറുമാർക്കും വിതരണക്കാർക്കും ക്ഷേമനിധിയും പെൻഷനും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) എങ്കിൽ ഇതു സംബന്ധിച്ച് ക്ഷേമനിധി രൂപീകരണത്തിന് ബിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (എ) & (ബി) | സംസ്ഥാനത്ത് ന്യൂസ്പേപ്പർ ഏജൻറുമാർക്കും വിതരണക്കാർക്കും നിലവിൽ കേരള ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. കേരള ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് സ്കീം പുതിയതായി രൂപം നൽകിയിട്ടുള്ള കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമാക്കുകയാണ്. ഇതുമൂലം അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും ആകർഷകവുമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.